**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** | **23-08-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ വി ജോയി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സ്ത്രീധനവുമായി ബന്ധപ്പെട്ടും പൊതു ഇടങ്ങളിലും സൈബർ ഇടങ്ങളിലും സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾ തടയുന്നതിനായി രൂപീകരിച്ച പിങ്ക് പ്രൊട്ടക്ഷൻ സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ; ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രസ്തുത പദ്ധതിയിലൂടെ ശക്തിപ്പെടുത്തിയിട്ടുണ്ട്. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിനും സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള 134 വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് മൂന്നു ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. ഈ പരിപാടിയിൽ ഇരുചക്ര വാഹനങ്ങളുടെ ഡ്രൈവിംഗ് പരിശീലനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 35 മോട്ടോർ ബൈക്കുകളും 20 സൈക്കിളുകളും അനുവദിച്ചിട്ടുണ്ട് |
| (ബി) | അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനും അവർക്ക് നിയമ സഹായമടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വിക്ടിം ലെയ്സൺ ഓഫീസർമാരെ നിയമിക്കാൻ തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നിയമസഹായവും മറ്റും ലഭ്യമാക്കുന്നതിനായി കേസ് രജിസ്റ്റർ ചെയ്യുന്ന അതാത് പോലീസ് സ്റ്റേഷനുകളിൽ വനിതാ |

| | | | |
|---|---|---|---|
| | | | പോലീസ് ഉദ്യോഗസ്ഥരെ വിക്ടിം ലെയ്സൺ ഓഫീസർമാരായി നിയമിച്ച് വരുന്നു. |
| (സി) | സ്ത്രീകൾ നേരിടുന്ന വിവേചനവും അതിക്രമവും തടയാൻ ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ടും കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും വിവേചനവും ആത്മധൈര്യത്തോടെയും ഫലപ്രദമായും ചെറുക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ കാര്യാലയങ്ങൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വനിതകൾക്കും കുട്ടികൾക്കുമായി "വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി" ജനമൈത്രി സുരക്ഷാപദ്ധതി യുടെ കീഴിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടം, അങ്കണവാടി ആശാവർക്കർമാർ എന്നിവരെ സംയോജിപ്പിച്ച് കൊണ്ട് ലിംഗ വിവേചനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.<br><br>ജനമൈത്രി പോലീസുമായി ചേർന്ന് സ്ത്രീധന ഗാർഹിക പീഡന സംബന്ധമായ പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിനുമായി പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പ് ഐ.സി.ഡി.എസ് സൂപ്പർവൈസർ, ജനമൈത്രി പോലീസ്, അങ്കണവാടി വർക്കർ (ഐ.സി.ഡി.എസ് സൂപ്പർ വൈസർ നോമിനേറ്റ് ചെയ്യുന്നു), പാര ലീഗൽ വോളന്റിയർ എന്നിവരെ ഉൾപ്പെടുത്തി ടാസ്ക് ആക്ഷൻ ഫോഴ്സ് എന്ന പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ